ങ്കിലും സഹായം ചെയ്യുകൊടുക്കാമോ അതോ മറേറതെങ്കിലും വിധത്തിൽ സഹായം ചെയ്യുകൊടുക്കാമോ എന്നുള്ളതിനെപ്പററി പരിശോധിച്ചുകൊണ്ടിരിക്കുകയാണു്.

(b) Eviction of Settlers from the catchment area of the Perinchankutti Scheme

മി. സ്പീക്കർ: പെരിഞ്ചാങ്കുട്ടി ഹൈഡ്രോ ഇലക്ട്രിക് സ്കീമിന്റെ ക്യാച്ച്മെന്റ് ഏരിയായിൽനിന്നും നാലായിരത്തോളം കുടുംബങ്ങളെ ഒഴിപ്പിക്കാൻ പോകുന്നതുമൂലം ഉളവാകുന്ന ഗുരുതരാവസ്ഥ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനു വേണ്ടി ശ്രീ. കെ. എം. മാണി റൂം 61 അനുസരിച്ചു് ഒരു നോട്ടീസ് നൽകിയിട്ടുണ്ടു്. ശ്രീ. കെ. എം. മാണിക്കു് അതേപ്പററി സംസാരിക്കാം.

ശ്രീ. കെ. എം മാണി: സർ, മലയോര കർഷകരെ അഭിമുഖീകരിക്കുന്ന അതി പ്രധാനമായ ഒരു കാര്യത്തിലേക്കു് ഞാൻ ഗവണ്മെന്റിന്റെ ശ്രദ്ധയെ ക്ഷണിക്കുകയാണു്. പെരിഞ്ചാങ്കുട്ടി ഹൈഡ്രോ ഇലക്ട്രിക് സ്കീമിന്റെ ക്യാച്ച്മെന്റ് ഏരിയായിൽ താമസിക്കുന്ന നാലായിരത്തോളം കുടുംബക്കാരെ അവിടെനിന്നും കുടിയൊഴിപ്പിക്കാൻ പോകുന്നുവെന്നുള്ള സംഭ്രമജനകമായ വാർത്ത പരന്നിരിക്കുകയാണു്. പാർലമെന്ററി സബ്കമ്മിറ്റിയുടേയും മണിയങ്ങാടൻ കമ്മിറ്റിയുടേയും റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ 1-1-1968-നു് മുമ്പു് മലയോരപ്രദേശങ്ങളിൽ കുടിയേറി പാർത്ത ആളുകളെ കുടിയൊഴിപ്പിക്കുമ്പോൾ അവർക്കു് പകരം ഭൂമിയും മററാനുകൂല്യങ്ങളും നൽകണമെന്നു് വ്യവസ്ഥയുണ്ടു്. പെരിഞ്ചാങ്കുട്ടി ഹൈഡ്രോ ഇലക്ട്രിക് സ്കീമിന്റെ ക്യാച്ച്മെന്റ് ഏരിയായിൽ, 1-1-1968 നു് മുമ്പു് 1600 കുടുംബങ്ങൾ മാത്രമേ കുടിയേറി പാർത്തിട്ടുള്ളുവെന്നാണു് ഗവണ്മെന്റിന്റെ കണക്കുകളിൽനിന്നു് കാണുന്നതു്. എന്നാൽ ആ കണക്കു് ശരിയല്ല. 1-1-1968-നു് മുമ്പു് യഥാർത്ഥത്തിൽ 4000 കുടുംബങ്ങൾ അവിടെ കുടിയേറിപാർത്തിട്ടുണ്ടു്. സക്കാരിന്റെ കണക്കനുസരിച്ചു് 1600 കുടുംബങ്ങൾ മാത്രമേയുള്ളുവെങ്കിൽ അതിന്റെ ഫലമായി 2400 കുടുംബങ്ങൾക്കു ഒരിഞ്ചുഭൂമിയോ ഒരു നയാപൈസയുടെ ആനുകൂല്യമോ കിട്ടാതെ വഴിയാധാരമാകാൻ പോകുകയാണു്. ഇക്കാര്യത്തിൽ ഗവണ്മെന്റിന്റെ സത്വരമായ ശ്രദ്ധ പതിയേണ്ടതാണു്. അവിടെ താമസിക്കുന്നവരും കുടിയൊഴിപ്പിക്കാൻ പോകുന്നതുമായ കുടുംബങ്ങൾക്കു് എത്രയും വേഗം ന്യായമായി ലഭിക്കേണ്ട ആനുകൂല്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതിനു് ശ്രമിക്കേണ്ടതാണു്. അതു ചെയ്തില്ലെങ്കിൽ ആ പ്രദേശത്തുള്ള ജനങ്ങൾ എന്തിനും തയ്യാറാകുമെന്നുള്ളതിനു് യാതൊരു സംശയവുമില്ല. കാരണം അവിടെ എപ്പോൾ വേണമെങ്കിലും പൊട്ടിത്തെറിക്കാവുന്ന ഒരു അഗ്നി പർവതത്തിന്റെ പ്രതീതി ഉളവായിരിക്കുകയാണു്. കഴിഞ്ഞ പത്തുപതിനഞ്ചു് വർഷങ്ങളായി അവിടെയുള്ള മലയോര കർഷകർ വന്യമൃഗങ്ങളോടു പടവെട്ടിയും വളരെയധികം ക്ലേശങ്ങൾ അനുഭവിച്ചും വനങ്ങൾ വെട്ടിത്തെളിച്ചു് വളരെ വിലയേറിയ മോണ്ടങ്ങൾ വെച്ചുപിടിപ്പിച്ചിരിക്കുകയാണു്. അതിനു യാതൊരു ആനുകൂല്യങ്ങളും കൊടുക്കാതെ വഴിയാധാരമാക്കുകയാണെങ്കിൽ ഈ ഗവണ്മെന്റു അവരോടു ചെയ്യുന്ന വലിയ ഒരു അനീതിയായിരിക്കും. ഗവണ്മെന്റിന്റെ കണക്കിൽ പെടാതെയുള്ള 2400 കുടുംബങ്ങൾക്കുകൂടി ആനുകൂല്യം ലഭിക്കത്തക്കവിധം നടപടികൾ സ്വീകരിക്കണമെന്ന മാത്രമാണു് എനിക്കു് ഈ സാഹചര്യത്തിൽഅഭ്യർത്ഥിക്കുവാനുള്ളതു്.

റവന്യുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി) : ഇക്കാര്യത്തെപ്പററി അന്വേഷിച്ചതിനുശേഷം മറുപടി പറയാവുന്നതാണു്.

ശ്രീ. ഈ. അഹമ്മദ്: ഈ സഭയിൽ ഉന്നയിച്ച പ്രധാന ചോദ്യങ്ങൾക്കു് ഇതുവരെ ഉത്തരം നൽകിയിട്ടില്ല. ചില ചോദ്യങ്ങൾക്കു് ഉത്തരം ശേഖരിക്കാൻ പ്രയാസമുണ്ടാകും. എന്നാൽ വളരെ പ്രധാനപ്പെട്ട ചോദ്യങ്ങൾക്കുപോലും ഇതുവരെ ഉത്തരം നൽകിയിട്ടില്ല. ഉദാഹരണത്തിനു് 6-ാം തീയതിയുള്ള എന്റെ ഒരു ചോദ്യത്തിനു്

LIBRARY ARCHIVES Kerala Legislative Assembly

ഇതുവരെ ഉത്തരം നൽകിയിട്ടില്ല. അതു് വളരെ എളുപ്പത്തിൽ ശേഖരിക്കാൻ കഴിയുന്ന ഒരു ചോദ്യമാണു്. ആ ചോദ്യം ഇതാണു്. ''ഇപ്പോഴും സംസ്ഥാനത്തു ജോലി ലഭിക്കാത്ത എത്ര എം. ബി. ബി. എസ് ബിരുദധാരികളുണ്ടു്; ഇവർക്കു് ജോലി നൽകുവാനുള്ള വല്ല പദ്ധതികളും ഗവണ്മെൻറിന്റെ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ അവ എന്തെല്ലാം'' ഇതായിരുന്നു ഞാൻ അയച്ചിരുന്ന ചോദ്യം. ഹെൽത്തു് സർവീസ് ഡയറക്ടറോടു ചോദിച്ചാൽ എളുപ്പത്തിൽ മറുപടി ലഭിക്കുന്ന ഒരു ചോദ്യമാണു് ഇതു്. ഇതിനുപോലും ഇതുവരെ മറുപടി ലഭിച്ചിട്ടില്ല. അതുകൊണ്ടു് എളുപ്പത്തിൽ ശേഖരിക്കാവുന്ന ഉത്തരങ്ങൾപോലും മേശപ്പുറത്തു വയ്ക്കാതിരിക്കുന്നതു ശരിയല്ല. അതുകൊണ്ടു് ബഹുമാനപ്പെട്ട സ്പീക്കർ ഇക്കാര്യത്തിൽ വേണ്ട നിർദ്ദേശം നൽകണം.

മി. സ്പീക്കർ: ഇതിനുമുൻപും പലപ്പോഴും നിർദ്ദേശം കൊടുത്തിട്ടുള്ളതാണു്. ഈ സമ്മേളനം തുടങ്ങിയതിനുശേഷവും ഇതേസംബന്ധിച്ചു് നിർദ്ദേശം കൊടുത്തിട്ടുണ്ടു്. അതുകൊണ്ടു് വലിയ പ്രയോജനമുണ്ടെന്നു എനിക്കു തോന്നുന്നില്ല. മുൻപാണെങ്കിൽ, അതാതു ദിവസത്തേക്കുള്ള ചോദ്യങ്ങളുടെ ഉത്തരങ്ങളിൽ പകുതി എങ്കിലും തലേദിവസംതന്നെ ഇവിടെ അയച്ചുതരുന്ന പതിവുണ്ടായിരുന്നു. 'ഇന്നലത്തെ കാര്യം പറയുകയാണെങ്കിൽ ഒറ്റ ചോദ്യത്തിനുള്ള ഉത്തരവും ഗവണ്മെൻറിൽനിന്നും കിട്ടിയിട്ടില്ല. ഈ കാര്യങ്ങളെല്ലാം ചൂണ്ടിക്കാണിച്ചുകൊണ്ടു് ഗവണ്മെൻറിനു എഴുതിയിട്ടുണ്ടു്. അതല്ലാതെ ഇതിൽ കൂടുതലൊന്നും എനിക്കു ചെയ്യാൻ കഴിയുകയില്ല.

റവന്യൂമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി): ഒരു കാര്യം ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണു്. സെക്രട്ടറിയേറ്റിലെ ഉദ്യോഗസ്ഥന്മാരുമായി സംസാരിച്ചതിൽനിന്നു് എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞകാര്യമാണു് ഞാനിവിടെ പറയുന്നതു്. ഇന്നത്തെ ചോദ്യസംപ്രദായം വച്ചുകൊണ്ടു് ചോദ്യങ്ങൾ അയച്ചാൽ അതിനു മറുപടി കിട്ടിവരുമ്പോൾ പാതിരാത്രി ആകുന്നുണ്ടു്. രാത്രി പത്തുമണിവരെ ഇരുന്നാൽ മാത്രമെ ചോദ്യങ്ങൾക്കു് ഉത്തരങ്ങൾ കളക്റ്റു ചെയ്യാൻ സാധിക്കുന്നുള്ളു. അതുകൊണ്ടു് തലേദിവസംതന്നെ ഉത്തരങ്ങൾ അയക്കാൻ പറ്റുകയില്ല. ഇങ്ങനെ ഉത്തരങ്ങൾ കളക്ടുചെയ്തതിനുശേഷം മന്ത്രിമാർക്കു് അയച്ചുകൊടുത്തു അവർ ഈ ഉത്തരങ്ങൾ നിയമസഭയിൽ വായിക്കാൻ തയ്യാറായാണു് പിറേറന്നു അസംബ്ലിയിൽ വരുന്നതു്. മന്ത്രിമാർ ഈ ഉത്തരങ്ങൾ കറക്റ്റുചെയ്തു കൊടുത്തതിനു ശേഷമേ അതു നിയമസഭാ സെക്രട്ടറിയേറ്റിലേക്കു് അയക്കാൻ സാധിക്കുകയുള്ളൂ. അങ്ങനെയുള്ള ബുദ്ധിമുട്ടുകൾ വരുന്നുണ്ടു്. അതു് ശരിയാണോ അല്ലയോ എന്നുള്ള കാര്യത്തെപ്പറ്റി ഒന്നു ചർച്ച ചെയ്യണം.

ശ്രീ. കെ. കരുണാകരൻ: ഇതു് പരിഗണിക്കേണ്ട ഒരു കാര്യമാണു്. അതിനു വേണ്ടി ഇന്നുള്ള നടപടി ചട്ടങ്ങൾ മാറേണ്ടിവരികയാണെങ്കിൽ അതു് മാറണം. മെമ്പറന്മാർ ചോദ്യങ്ങൾ ചോദിക്കുന്നതു് ഉത്തരങ്ങൾ കിട്ടുന്നതിനുവേണ്ടിയാണു്. അതുകൊണ്ടു് ഈ കാര്യം ഒന്നുകൂടി പരിശോധിച്ചു് ഉത്തരങ്ങൾ സമയത്തിനു ലഭിക്കാൻവേണ്ട നിർദ്ദേശം അങ്ങു് നൽകണം.

ശ്രീ. ഇ. അഹമ്മദു്: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതു് കാര്യം ശരിയാണു്. എങ്കിലും സെക്രട്ടറിയേറ്റിൽനിന്നു് ഫോൺചെയ്തു ചോദിച്ചാൽ ശേഖരിക്കാൻ കഴിയുന്ന ചോദ്യങ്ങൾക്കുപോലും മറുപടി യഥാസമയം നൽകുന്നില്ല. ഇപ്പോഴും ടെലിപ്രിൻറർ സിസ്റ്റം മുഖേനയാണു് ചോദ്യങ്ങൾക്കു് ഉത്തരം ശേഖരിക്കുന്നതെന്നാണു് ഞാൻ മനസ്സിലാക്കുന്നതു്. അതുകൊണ്ടു് എല്ലാ ചോദ്യങ്ങൾക്കും ഒരേ അളവുകോൽ വച്ചുകൊണ്ടു് മറുപടി പറയുന്നതു ശരിയല്ല.

മി. സ്പീക്കർ: ഇതേപ്പറ്റി എന്താണു് ചെയ്യേണ്ടതെന്നുള്ള കാര്യം പരിശോധിക്കാം. പഴയരീതിയിലുള്ള സംപ്രദായം തന്നെ സ്ഥാപിക്കണമോ, അതോ പുതിയ രീതിയിൽ വേറെ എന്തെങ്കിലും സംപ്രദായം ആവിഷ്കരിക്കണമെന്നുള്ള

LIBRARY ARCHIVES Kerala Legislative Assembly

കാര്യം ആലോചിക്കാം. ഏതായാലും ഇന്ന സഭയുടെ മുൻപാകെ വന്ന സ്റ്റാർഡ് ചോദ്യങ്ങംക്കുള്ള ഉത്തരങ്ങം ഇന്നുവൈകുന്നേരമോ നാളെ വൈകുന്നേരമോ എങ്കിലും ഇവിടെ വരത്തക്കരീതിയിൽ അയക്കുന്നതിനു് വേണ്ട നിർദ്ദേശം നൽകിയാൽ കൊള്ളാം. ആ രീതിയിൽ പരിശോധിക്കുന്നതു് നന്നായിരിക്കും.

ശ്രീ. ടി. എ. മജീദു് : അൺസ്റ്റാർഡ് ചോദ്യങ്ങം 'അനാഥപ്രേതം' പോലെ കിടക്കുകയാണു്. അതിനു് മറുപടി നൽകുന്ന കാര്യം ശ്രദ്ധിക്കുന്നില്ല. അതുകൊണ്ടു് ആ കാര്യംകൂടി ഒന്ന ആലോചിക്കണം.

മി. സ്പീക്കർ : അതും പരിശോധിക്കാം.

IV. FINANCIAL BUSINESS

Supplementary Financial Statement for 1969-70.

Minister for Revenue **(Smt. K. R. Gouri)** : Sir, I on behalf of the Chief Minister, lay on the Table the Supplementary Financial Statement for the year 1969-70.

V. GOVERNMENT RESOLUTION

Maximum of the loan Capacity of the Electricity Board

Mr. Speaker : Now I call upon the Agriculture and Electricity Minister to move his Resolution.

Agriculture and Electricity Minister **(Shri M. N. Govindan Nair)** : Sir, I move : "WHEREAS under sub-section (1) of Section 65 of the Electricity (Supply) Act, 1948 (Central Act 54 of 1948), the Kerala State Electricity Board may, from time to time, with the previous sanction of the Government and subject to the provisions of that Act and the conditions prescribed in that behalf, borrow any sum required for the purposes of the Act;

AND WHEREAS under sub-section (3) of the said section the maximum amount which the Board may at any time have on loan under sub-section (1) shall be ten crores of rupees, unless the State Government, with the approval of the State Legislative Assembly, fixes a higher maximum amount;

AND WHEREAS the Kerala State Electricity Board has requested the Government to fix the maximum of twenty crores of rupees as loan which it may, at any time, have for enabling it to meet the larger expenses of the development schemes which it has undertaken;

AND WHEREAS the Government have proposed that the maximum amount of loan which the Kerala State Electricity Board may have at any time may be fixed as twenty crores of rupees;

NOW, THEREFORE, this Assembly resolves to give its approval under sub-section (3) of Section 65 of the Electricity (Supply) Act, 1948 (54 of 1948), to fix the maximum amount which the Kerala State Electricity Board may at any time have on loan as twenty crores of rupees."

Education Minister **(Shri C. H. Mohammed Koya)** Sir, I second it.

LIBRARY ARCHIVES Kerala Legislative Assembly